## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1636** 17.06.2013-ൽ മറുപടിയ്ക്ക്

**<u>ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയൽചോർത്തൽ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ കെ.വി. വിജയദാസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തമിഴ്നാട് 20 വർഷത്തിലേറെയായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയൽ ചോർത്തുന്നു എന്ന മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br>(സി) ഏതെങ്കിലും മന്ത്രിമാർക്ക് ഇതുമായി എന്തെങ്കിലും ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br>(ഡി) ഏതെല്ലാം വിഷയങ്ങളിലുള്ള ഫയലുകളിലെ വിവരങ്ങളാണ് ഇപ്രകാരം തമിഴ്നാട് ചോർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (എ), (ബി), (സി) & (ഡി)<br>ഇക്കാര്യത്തിൽ ഇന്റലിജൻസ് എഡിജിപി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയും മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എഡിജിപിയുടെ റിപ്പോർട്ട് ഇന്റലിജൻസ് ഔട്ട് പുട്ട് എന്ന ഗണത്തിൽ പെടുന്നതിനാൽ പകർപ്പ് നൽകാൻ നിർവ്വാഹമില്ല. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്. ഏതെങ്കിലും മന്ത്രിമാർക്ക് ഇതുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**